# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5736 — 29.07.2015-ൽ മറുപടിയ്ക്ക്

## നിയമവിരുദ്ധമായ ഓവർടേക്കിംഗും അനധികൃത പാർക്കിംഗും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ഏതെല്ലാം റോഡുകളിൽ ഇടതുവശത്തുകൂടിയുള്ള ഓവർടേക്കിംഗ് അനുവദിച്ചിട്ടുണ്ട് എന്ന് പറയാമോ ; ഇടതുഭാഗത്തുകൂടി ഓവർടേക്കിംഗ് അനുവദിക്കാത്ത റോഡുകളിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഈ സാഹചര്യത്തിൽ ഉണ്ടായ അപകടങ്ങളുടെ എണ്ണം എത്രയാണെന്ന് പറയാമോ ; | (എ) കേരളത്തിലെ റോഡുകളിൽ ഇടതു വശത്തുകൂടിയുള്ള ഓവർടേക്കിംഗ് അനുവദിച്ചിട്ടില്ല. ഇടതു ഭാഗത്തുകൂടി ഓവർടേക്കിംഗ് നടത്തിയതുമൂലം കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 17 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) അനുവാദമില്ലാത്തയിടങ്ങളിൽ റോഡിൽ ഇടതുവശത്തുകൂടി ഓവർടേക്ക് ചെയ്യുന്നതുമൂലം അപകടങ്ങളുണ്ടാകുന്ന സംഭവങ്ങൾ ഹൈവേകളിലും പ്രധാന റോഡുകളിലും തിരക്കേറിയ മറ്റ് റോഡുകളിലും ആവർത്തിക്കുന്നതിനാൽ പ്രസ്തുത പ്രവണത അവസാനിപ്പിക്കാനും അപകടങ്ങൾ ഒഴിവാക്കാനും എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത് എന്ന് പറയാമോ ; | (ബി) ഇടതു വശത്തുകൂടി ഓവർടേക്കിംഗ് നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഹൈവേ പോലീസിന്റേയും സ്റ്റേഷൻ മൊബൈൽ പട്രോളിംഗുകളുടെയും, ട്രാഫിക് പോലീസുദ്യോഗസ്ഥൻമാരുടെയും സഹായത്തോടെ ശക്തമായ വാഹന പരിശോധന നടത്തി ഇത്തരം പ്രവണത അവസാനിപ്പിക്കാനും, അപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ, പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ |

സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ സഹായത്തോടെ ഇത്തരം കുറ്റ കൃത്യങ്ങൾ കണ്ടെത്തി ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. നാലു നിര റോഡുകളിൽ ഇടത് വശം ചേർന്ന് വാഹനം ഓടിക്കുന്നതിനായി യാത്രക്കാർക്ക് അവബോധം നൽകുവാനും, ഇടത് വശത്ത് കൂടി ഓവർടേക്ക് ചെയ്യുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| (സി) | വാഹനം ഒരു റോഡിൽ നിന്നും മറ്റൊരു റോഡിലേയ്ക്ക് പ്രവേശിക്കുമ്പോൾ ,ഡ്രൈവറുടെ കാഴ്ച മറയ്ക്കുന്ന വിധത്തിൽ ജംഗ്ഷനുകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ഒട്ടേറെ അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ പ്രസ്തുത സ്ഥലങ്ങളിൽ വാഹനം പാർക്ക് ചെയ്യുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം അപകടങ്ങൾ ഒഴിവാക്കുവാൻ ജംഗ്ഷനുകളിൽ വാഹനം പാർക്ക് ചെയ്യുന്നത് നിയന്ത്രിച്ചും, അനുവദനീയമായ സ്ഥലങ്ങളിൽ മാത്രം പാർക്കിംഗ് അനുവദിച്ചും , അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾക്ക് ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും കേരള പോലീസ് ആക്റ്റ് 2011-ലെയും എം.വി.ആക്റ്റിലേയും വിവിധ വകുപ്പുകൾ പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ